(ബി) പ്രസ്തുത പദ്ധതിയിലെ വ്യവസ്ഥകളിൽ ഇളവ് നൽകണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ ;

(സി) എങ്കിൽ എന്തെല്ലാം ഇളവുകളാണ് ആവശ്യപ്പെട്ടത് ;

(ഡി) അതിന്മേൽ കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം പി.എം.ജി.എസ്.വൈ. പദ്ധതിക്കായി ലഭിച്ച കേന്ദ്രവിഹിതം എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈയിൽപ്പെടുത്തി കേന്ദ്രസർക്കാരിൻനിന്നും പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിന് തടസ്സങ്ങൾ നേരിട്ടില്ല.

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) നിലവിലുള്ള റോഡിന്റെ ഗ്രേഡിയന്റിന് കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതി കണക്കിലെടുത്ത് ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പൈപ്പ് ലൈൻ, ഇലക്ട്രിക് പോസ്റ്റ് തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രീമിയവും കേന്ദ്രസർക്കാർ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രേഡിയന്റിന്റെ ചരിവിലും റോഡിന്റെ വീതിയിലും ഇളവ് അനുവദിച്ചിട്ടുണ്ട്. ജനസാന്ദ്രത കണക്കിലെടുത്ത് റോഡിന്റെ വീതി കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ലഭ്യമായിട്ടുണ്ട്.

(ഇ) 100 ശതമാനം കേന്ദ്രസഹായമുള്ള പദ്ധതിയാണ് പി.എം.ജി.എസ്.വൈ. എന്നാൽ പദ്ധതി പ്രദേശത്തുള്ള യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രീമിയം, റേറ്റ് റിവിഷൻ, നിർമ്മാണം പൂർത്തികരിച്ചതിനു ശേഷം 5 വർഷത്തെ അറ്റകുറ്റപണികൾക്കുള്ള ചെലവ് എന്നിവ സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്.

(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം 2013-14 സാമ്പത്തികവർഷം പി.എം.ജി.എസ്.വൈ. 8-ാം ഘട്ടത്തിൽ മൂന്ന് ബാച്ചുകളിലായി 689.90 കോടി രൂപ അടങ്കലായി 1011.715 കി.മീ. ദൈർഘ്യം വരുന്ന 415 റോഡുകൾക്കാണ് കേന്ദ്രസർക്കാരിൽനിന്നും അനുമതി ലഭിച്ചിട്ടുള്ളത്. കൂടാതെ ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എം.ജി.എസ്.വൈ. പദ്ധതിക്കായി 150 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്.

പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം പാലക്കാട് ജില്ലയിൽ റോഡുകൾ

17 (7314) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം 2013-14 സാമ്പത്തികവർഷത്തിൽ പാലക്കാട് ജില്ലയിൽ എത്ര കിലോമീറ്റർ റോഡുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തരൂർ മണ്ഡലത്തിൽ തെരഞ്ഞെടുത്തിട്ടുള്ള റോഡുകൾ ഏതെല്ലാമാണെന്നും ഓരോന്നിനും എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ഈ റോഡുകളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭിക്കുമോ ; തുടർപ്രവൃത്തികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ ;

(ഡി) ഭരണാനുമതി ലഭിച്ചിട്ടില്ലെങ്കിൽ എന്ത് തുടർനടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നത് ഏത് സർക്കാർ ഏജൻസി/സ്ഥാപനമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ 145.963 കി.മീ റോഡ് നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) കാവശ്ശേരി പഞ്ചായത്തിലെ പത്തനാപുരം തോലമ്പുഴ റോഡ് 3.24 കി.മീ-205.12 ലക്ഷം. കുത്തന്നൂർ പഞ്ചായത്തിലെ തോലന്നൂർ പേഴംകോട് റോഡ് 4.40 കി.മീ-258.47 ലക്ഷം കോട്ടായി കോട്ടചന്ത ചേനംക്കാവ് റോഡ് 2.035 കി.മീ.-102.32 ലക്ഷം വടക്കഞ്ചേരി പഞ്ചായത്തിലെ തെക്കുപാടം വഴുകകോട് 3.21 കി.മീ-202.53 ലക്ഷം.

(സി) ഈ റോഡുകളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* കോട്ടചന്ത ചോനംക്കാവ് റോഡിന് മാത്രം ടെണ്ടർ ലഭിച്ച് പ്രവർത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

(ഇ) പി.എം.ജി.എസ്.വൈ. പ്രവൃത്തികളുടെ നോഡൽ ഡിപ്പാർട്ടുമെന്റ് ഗ്രാമവികസന വകുപ്പും സംസ്ഥാനതല മേൽനോട്ട ചുമതല കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്പ്മെന്റ് ഏജൻസിയും ജില്ലാതല നിർവ്വഹണ ഏജൻസി ജില്ലാ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റുമാണ്.

പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം റാന്നി മണ്ഡലത്തിലെ റോഡുകൾ

18 (7315) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പി.എം.ജി.എസ്.വൈ. പദ്ധതിയിൽ റാന്നി നിയോജകമണ്ഡലത്തിൽ പുതുതായി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ ഏതൊക്കെയാണെന്നും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly